2. പാർശ്വഭിത്തി നിർമ്മാണം

3. കലിങ്ക് നിർമ്മാണം 3 എണ്ണം

4. സ്ലൂയിസ് 2 എണ്ണം

5. കലിങ്കിന്റെ പാർശ്വഭിത്തി നിർമ്മാണം

6. 50 എച്ച്.പി. എഞ്ചിൻ തറയും പമ്പ് ഹൗസ് നിർമ്മാണവും

7. പെട്ടി പാറയുടെ റിപ്പയർ

8. നടപ്പാലം 2 എണ്ണം

9. സൈഡ് പാറകെട്ട്.

(സി) 2013 മാർച്ച് വരെയായിരുന്ന പദ്ധതിയുടെ കാലാവധി. ഇത് 2015 മാർച്ച് 31 വരെയും പിന്നീട് 2016 മാർച്ച് 31 വരെയും ദീഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) (എ) തലക്കുളം നിർമ്മാണം (ബി) തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ (ബാക്കി പ്രവൃത്തികൾ) (സി) ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ (ഡി) 50 എച്ച്.പി. പെട്ടി പറ സ്ഥാപിക്കൽ (ഇ) 10 എച്ച്.പി. മോട്ടോർ പമ്പ്സെറ്റ്.

2016 മാർച്ച് 31-ന് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

(ഇ) 75,88,433 രൂപ നൽകിയിട്ടുണ്ട്.

(എഫ്&ജി) ഉണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് നേരിട്ട പ്രദേശിക തടസ്സങ്ങൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമാണ് ഇപ്പോൾ പദ്ധതി പ്രവൃത്തികൾ നടന്നുവരുന്നത്. 2016 മാർച്ച് 31 വരെ പദ്ധതി പൂർത്തീകരിക്കുവാനുള്ള കാലാവധി നീട്ടി കിട്ടിയിട്ടുണ്ട്. ഈ തീയതിക്കകം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

കാർഷിക മേഖലയുടെ വികസനം

199 (1574) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി എന്ത് തുക വകയിരുത്തി; എന്ത് തുക ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക വകയിരുത്തിയിരുന്നത്; ഓരോ പദ്ധതിക്കുമായി മാറ്റിവച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) വിളനാശവും വിലത്തകർച്ചയുംമൂലം കടക്കെണിയിലായ കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 105690.75 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31-1-2016 വരെ 45287.21 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

കാർഷിക മേഖലയിലെ കർമ്മ പദ്ധതികൾ

200 (1575) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ കാർഷിക മേഖലയിൽ പുത്തനുണർവ്വിന് കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly